# ലാൻ്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീമതി കെ.ബി.വത്സലകുമാരി , ഐ.എ.എസ് )

എൽ.ആർ(ഇ)5-53738/11 തീയതി : 02.12.2011

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - 01.01.1998 - മുതൽ 31.12.2008 - വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ടുമാരുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

വായന :-

1) ജി.ഒ.(പി) നം. 852/80/ആർ.ഡി തീയതി 16.06.1980 പ്രകാരമുള്ള കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ,1980
2) WA-162/91 നമ്പർ കേസിൽ 6.4.95-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
3) ലാന്റ് റവന്യു കമ്മീഷണറുടെ 01.12.2011തീയതിയിലെ LR(T)1-2001/2011നമ്പർ നടപടിക്രമം
4) 16.2.2009-ലെ 8910/C2/2009/RD നമ്പർ സർക്കാർ കത്ത്.
5) 31.7.2009-ലെ 19800/C3/2008/RD നമ്പർ സർക്കാർ കത്ത്.
6) 22.1.2011-ലെയും 26.11.2011-ലെയും ലാന്റ് റവന്യു കമ്മീഷണറുടെ LR(T)1-2001/11നം. ഫയലിലെ ഉത്തരവ് പ്രകാരം അംഗീകരിച്ച മാനദണ്ഡങ്ങൾ.
7) 03.08.2011-ലെ 29738/C2/2011/RD നമ്പർ സർക്കാർ കത്ത്.
8) 18.10.2011-ലെ 29738/C2/2011/RD നമ്പർ സർക്കാർ കത്ത്.
9) 24.10.2011-ലെ 59035/C2/2011/RD നമ്പർ സർക്കാർ കത്ത്.
10) 14.11.2011-ലെ 59035/C2/2011/RD നമ്പർ സർക്കാർ കത്ത്.
11) ഈ കാര്യാലയത്തിലെ 28-11- 2011-ലെ LR(E)5- 22950/ 2011 നമ്പർ നടപടിക്രമം.

വായന (11) പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 01.01.98 മുതൽ 31.12.08 വരെയുള്ള കാലയളവിലെ താത്കാലിക സ്ഥാനക്കയറ്റങ്ങൾ കെ.എസ് & എസ്.എസ്.ആർ റൂൾ 28 ബി (ii) പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങൾ, കോടതി വിധികൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമീകരിച്ച് ഉത്തരവായിട്ടുള്ള താണ്. അതിന്റെ അടിസ്ഥാലത്തിൽ വായന (3) പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 01.01.98 മുതൽ 31.12.08 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോരിറ്റി ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരുടെ ഡെപ്യൂട്ടി തഹസിൽ-ദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നിരീക്ഷണകാലം വായന (1) പ്രകാരം തുടർച്ചയായ 3 വർഷക്കാലയളവിനുള്ളിലെ 2 വർഷത്തെ തൃപ്തികരമായ സേവനമാണ്.

2. എല്ലാ ജില്ലാകളക്ടർമാരും, ഓഫീസ് മേധാവികളും ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ച് നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ വിവരങ്ങൾ നിശ്ചിത പ്രൊഫോർമായിൽ രേഖപ്പെടുത്തി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിരീക്ഷണകാലയളവിനുള്ളിൽ ആവശ്യമായ വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കുകയോ 50 വയസ്സ് പൂർത്തിയാക്കുകയോ ചെയ്തിട്ടി ല്ലാത്ത ജീവനക്കാരുടെ നിരീക്ഷണകാലം ദീർഘിപ്പിക്കേണ്ടതായി കാണുന്നു. ആയതനുസരിച്ച് കെ.എസ് & എസ്.എസ്.ആർ ചട്ടം 21 ലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമനാധികാരി എന്ന നിലയിലുള്ള അധികാരം വിനിയോഗിച്ച് അനുബന്ധമായി ചേർത്ത പട്ടികയിൽ ജീവനക്കാരുടെ പേരിനു നേരെ 13-ാം കോളത്തിൽ ചേർത്തിരിക്കുന്ന തീയതി വരെയുള്ള ഒരു വർഷക്കാല യളവ് കൂടി നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ജില്ലാകളക്ടർമാർ/ഓഫീസ് മേധാവികൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ നിരീക്ഷണകാലം ദീർഘിപ്പിച്ച വിവരം രേഖപ്പെടുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

കമ്മീഷണർ

പകർപ്പ്

01) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
02) അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
03) എല്ലാ ജില്ലാ കളക്ടർമാർക്കും
04) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
05) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,തിരുവനന്തപുരം.
06) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
07) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
08) കമ്മീഷണറുടെ സി.എ.യ്ക്ക്.
09) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
11) സൂപ്രണ്ട്, ജി സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.